പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1209 15-10-2026-ൽ മറുപടിയ്ക്ക്

അഴീക്കോട് മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. വി. സുമേഷ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) അഴീക്കോട് മണ്ഡലത്തിലെ ഗവ. ഹയർ സെക്കന്ററി സ്കൂൾ, അരോളി, ഗവ. യു.പി. സ്കൂൾ, പുഴാതി, ഗവ. വെൽഫെയർ എൽ.പി. സ്കൂൾ, പുഴാതി എന്നിവിടങ്ങളിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പദ്ധതികളുടെ പ്രവൃത്തി പുരോഗതി അറിയിക്കാമോ;

മറുപടി: അരോളി ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. പുഴാതി ഗവ. വെൽഫെയർ എൽ.പി. സ്കൂളിൽ പദ്ധതി വിഹിതം വിനിയോഗിച്ച് നടത്തുന്ന കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് ലഭ്യമാക്കുന്നതിനായി പുഴാതി സോണൽ കോർപ്പറേഷൻ ഓഫീസിൽ അപേക്ഷ നൽകിയിട്ടുണ്ട്.

കിഫ്ബി-യുടെ ഒരു കോടി പദ്ധതിയിലുൾപ്പെട്ട അരോളി ഗവ. എച്ച്.എസ്-ന്റെ കെട്ടിട നിർമ്മാണം പൂർത്തിയായി. പുഴാതി ഗവ. യു.പി.സ്കൂളിൽ നിർമ്മാണ പ്രവർത്തികൾക്ക് അനുവദിച്ചിട്ടുള്ള സ്ഥലം കക്കാട് മഹൽ മുസ്ലീം ജമാഅത്തിന്റെ കൈവശമുള്ള ഭൂമിയാണ്. വഖഫ് ബോർഡിൽ നിന്നും തദ്ദേശ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതമായി സർക്കാരിന്റെ അസറ്റ് രജിസ്റ്ററിൽ വസ്തു ഉൾപ്പെടുത്തുകയില്ല എന്ന് ഉറപ്പുവരുത്തി നിർമ്മാണ പ്രവർത്തി നടത്താനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്. അതിൻ പ്രകാരം പുതിയ കെട്ടിടത്തിനുള്ള പ്രൊപ്പോസൽ കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷനിൽ നൽകുകയുണ്ടായി. എന്നാൽ സർക്കാർ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത ഭൂമിയിൽ കെട്ടിട നിർമ്മാണത്തിനുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ കഴിയില്ലെന്നാണ് എൽ എസ് ജി ഐ യിൽ നിന്നും അറിയിച്ചത്. ആയതിനാൽ നിലവിൽ പ്രവർത്തി നോൺ ഫീസിബിൾ പട്ടികയിൽ തുടരുകയാണ്.

(ബി) പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയിട്ടുണ്ടോ; പുരോഗതി അറിയിക്കുമോ;

മറുപടി: പുഴാതി ഗവ. വെൽഫെയർ എൽ.പി. സ്കൂളിൽ പഴയ കെട്ടിടം പൊളിച്ചു നീക്കിയിട്ടുണ്ട്. അരോളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ പഴയ കെട്ടിടം പൊളിച്ചു നീക്കിയിട്ടില്ലാത്തതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല.

പുഴാതി ഗവ. യു.പി.സ്കൂളിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതിനാൽ പഴയകെട്ടിടം പൊളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>മറുപടി:</u> കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ